(ബി) സംസ്ഥാനത്ത് ടാർ ദൗർബല്യം ഉണ്ടായിട്ടുണ്ടോ ; ഇത് റോഡിന്റെ അറ്റകുറ്റപ്പണികളെയും നിർമ്മാണ പ്രവൃത്തികളെയും ദോഷകരമായി ബാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഓരോ ജില്ലയിലുമുള്ള ടാറിന്റെ വിഹിതം എപ്രകാരമാണ് ; വിതരണം എപ്രകാരമാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ), മാംഗ്ളൂർ റിഫൈനറി ആന്റ് പെട്രോകെമിക്കൽസ് ലിമിറ്റഡ് (എം.ആർ.പി.എൽ), ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്.പി.സി.എൽ) എന്നീ കമ്പനികളാണ് പൊതുമരാമത്ത് വകുപ്പിന് ടാർ നൽകുന്നത്.

(ബി) നിലവിൽ ടാർ ദൗർലഭ്യമില്ല.

(സി) ഓരോ ജില്ലയിലും എഗ്രിമെന്റ് വച്ച പ്രവൃത്തികളുടേയും അനുവദിക്കപ്പെട്ട പ്രവൃത്തികളുടെയും ആവശ്യമായ ടാറിന്റെ ഏകദേശ കണക്ക് നോക്കിയാണ് വിഹിതം അനുവദിക്കുന്നത്. ഒരു കോടി രൂപയിൽ താഴെ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് മാത്രമാണ് ഇത്തരത്തിൽ വകുപ്പിൽനിന്നും നേരിട്ട് ടാർ നൽകുന്നത്. ഒരു കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കരാറുകാരൻ നേരിട്ടാണ് ടാർ വാങ്ങുന്നത്.

മണിയമ്പിക്കളി പാലം പുനർനിർമ്മാണം

328(3253) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി പഞ്ചായത്തിലെ മണിയമ്പിളി പാലം പുനർ നിർമ്മിക്കുന്നതിന് തീരുമാനമെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്ര രൂപയാണ് ;

(സി) ഇതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ; ഇല്ലെങ്കിൽ ഈ പാലത്തിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 59 ലക്ഷം

(സി) ഭരണാനുമതി നൽകിയിട്ടില്ല. മതിയായ ബഡ്ജറ്റ് വിഹിതം ഉറപ്പാക്കി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനു സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

സംസ്ഥാനത്തെ റോഡ് നിർമ്മാണം

329(3254) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് നിർമ്മാണം ദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളും ഗുണനിലവാരവുമാണ് ഇതുവഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട് .

(ബി) ദീർഘകാലം ഈടുനിൽക്കുന്ന പ്രതലവും, റോഡു സുരക്ഷയ്ക്ക് ആവശ്യം വേണ്ടുന്ന പ്രവൃത്തികളും ഉൾപ്പെടെ സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സ് നിഷ്കർഷിക്കുന്ന മാനദണ്ഡത്തിന് വിധേയമായി റോഡുകൾ നിർമ്മിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly